മലയാള മനോരമ 06 January 2024




തീരദേശ സംസ്ഥാനങ്ങളിലെ സമുദ്രമത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്ന ദേശീയ ശിൽപശാല കൊച്ചിയിൽ നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ഉദ്ഘാടനം ചെയ്യുന്നു. നീതി ആയോഗ് സീനിയർ അഡ്വൈസർ ഡോ. നീലം പട്ടേൽ, ഐ സി എ ആർ - സി എം എഫ് ആർ ഐ ഡയറക്ടർ എ ഗോപാലകൃഷ്ണൻ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ.കെ ജെന,നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ്, ജോയിന്റ് സെക്രട്ടറി കെ എസ് റെജിമോൻ, സംസ്ഥാന ഫിഷറീസ് വകുപ്പ് ഡയറക്ടർ അദീല അബ്ദുല്ല എന്നിവർ സമീപം

# ‘സമുദ്രമത്സ്യ മേഖലയിലെ വികസനത്തിന് നിർമിത ബുദ്ധി പ്രയോജനപ്പെടുത്തണം’

കൊച്ചി● സമുദ്രമത്സ്യ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി ഉൾപ്പെടെ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്നു നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി അഭിപ്രായപ്പെട്ടു. തീര സംസ്ഥാനങ്ങളുടെ സമുദ്രമത്സ്യ മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യമേഖലയിലെ വളർച്ചയുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടെന്ന് നിതി ആയോഗ് അംഗം പ്രഫ. രമേശ് ചന്ദ് ചൂണ്ടിക്കാട്ടി.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന, നിതി ആയോഗ് ജോയിന്റ് സെക്രട്ടറി കെ. എസ്. റെജിമോൻ, നിതി ആയോഗ് സീനിയർ അഡ്വൈസർ ഡോ. നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ. അദീല അബ്ദുല്ല, നിതി ആയോഗ് സീനിയർ കൺസൽട്ടന്റ് ഡോ. ബബിത സിങ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

നിതി ആയോഗ്, സിഎംഎഫ്ആർഐ, സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവർ ചേർന്നാണു പരിപാടി സംഘടിപ്പിച്ചത്. സമുദ്രമത്സ്യ മേഖലയിലെ വെല്ലുവിളികൾ, സാധ്യതകൾ, ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാരബന്ധം, കയറ്റുമതി, മത്സ്യബന്ധന-സീഫുഡ് വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. കേരളം. പശ്ചിമ ബംഗാൾ, ഒഡീഷ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട്, ആൻഡമാൻ-നിക്കോബാർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുത്തു.